LIBRARY ARCHIVES Kerala Legislative Assembly

ഓരോ വകുപ്പും പരസ്യത്തിനായി ചെലവഴിച്ച തുക

20 (T 7577) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ പദ്ധതികളുടെ പ്രചരണത്തിനായി പരസ്യം നൽകിയ ഇനത്തിൽ ആകെ എന്തുതുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ;

(ബി) സർക്കാരിന്റെ ഓരോ വകുപ്പുകളും എത്ര തുക പരസ്യത്തിനായി ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ പദ്ധതികളുടെ പ്രചരണത്തിനായി പരസ്യം നൽകിയതിന് ഡിസ്പ്ലേ ഇനത്തിൽ മുൻകാല കുടിശ്ശിക ഉൾപ്പെടെ ഏകദേശം 51,82,06,719 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ടൂറിസം ഒഴികെയുള്ള എല്ലാ വകുപ്പുകളുടെയും പരസ്യം പി.ആർ.ഡി.വഴിയാണ് നൽകുന്നത്. വകുപ്പുതിരിച്ചുള്ള വിശദവിവരം ശേഖരിച്ചുനൽകുന്നതാണ്.

ടെൻഡർ/നോൺ ടെൻഡർ വിഭാഗത്തിൽ മുൻകാല കുടിശ്ശിക ഉൾപ്പെടെ ഏകദേശം 18.5 കോടി രൂപയും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് ഏകദേശം 18,85,03,745 രൂപയും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ വാഹനങ്ങളുടെ അനൗദ്യോഗിക ഉപയോഗം

21 (7578) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാഹനങ്ങൾ ഔദ്യോഗികാവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള പരാതികളിൽ എത്ര എണ്ണത്തിൽ നടപടിയെടുത്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 151 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 151 എണ്ണത്തിൽ നടപടിയെടുത്തിട്ടുണ്ട്.

'T' ഇട്ടിരിക്കുന്നത് ചോദ്യത്തെ സൂചിപ്പിക്കുന്നു.